**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1377** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വള്ളിക്കുന്നിൽ ഇക്കോ ടൂറിസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം ഡയറക്ടറേറ്റ്, KFDC, TEPS എന്നിവ മുഖേന നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തെന്മലയിലെ എലിവേറ്റഡ് വാക്ക് വേയും ഹാങ്ങിങ് ബ്രിഡ്ജും

2. ളുങ്ങാംപാറ ഇക്കോടൂറിസം പദ്ധതി

3. തെന്മലയിലെ മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടന്റെ നവീകരണം

4. ഗവിയിലെ ഇക്കോടൂറിസം പ്രവർത്തനങ്ങളുടെ വികസനം

5. മുണ്ടേരിക്കടവ് ഇക്കോടൂറിസം പദ്ധതി, കണ്ണൂർ

6. അരിപ്പ ഇക്കോടൂറിസം പദ്ധതി, തിരുവനന്തപുരം

7. തെന്മല ഇക്കോടൂറിസം സന്ദർശക സൗകര്യങ്ങളുടെ നിർമ്മാണവും നവീകരണവും

8. വാഗമണ്ണിലെ പ്രീമിയം ടെന്റ് അക്കോമഡേഷൻ

ഇതിനു പുറമെ വനം വകുപ്പ് അമൂല്യങ്ങളായ വനങ്ങളുടെ അപൂർവതകൾ ജനങ്ങൾക്ക് അടുത്തറിയുവാനും വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നു.

**(ബി)** കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവിലെ ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് പുതിയ ഇക്കോ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കോഴിക്കോട് ഡിവിഷനിലെ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് മാനേജ്മെന്റ് പ്ലാൻ 2025-26 സാമ്പത്തിക വർഷത്തിൽ അവസാനിച്ചിരിക്കുകയാണ്. അടുത്ത 10 വർഷത്തേക്കുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ആയതിൽ ഇക്കോ ടൂറിസം ഗൈഡ് ലൈൻസ്

അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**(സി)** വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വൈവിധ്യമാർന്ന പ്രകൃതിസമ്പത്തിനെക്കുറിച്ചും തീരദേശ ടൂറിസം സാധ്യതകളെക്കുറിച്ചും ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വൈവിധ്യമാർന്ന പ്രകൃതിസമ്പത്തിനെക്കുറിച്ചും തീരദേശ ടൂറിസം സാധ്യതകളെക്കുറിച്ചും പഠനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** നിരവധി ടൂറിസം സാധ്യതകളുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനായി പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വൈവിധ്യമാർന്ന പ്രകൃതിസമ്പത്തിനെക്കുറിച്ചും തീരദേശ ടൂറിസം സാധ്യതകളെക്കുറിച്ചും പഠനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**